"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, വയനാട് - നിലവിലുള്ള അക്രഡിറ്റേഷൻ പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1031/2025/LSGD തീയതി,തിരുവനന്തപുരം, 25-04-2025

---

പരാമർശം:-

1. 31/03/1999-ലെ സ.ഉ(കൈ) നം. 97/99/എ.ഡി
2. 30/03/2013-ലെ സ.ഉ(എം.എസ്) നം. 133/2013/തസ്വഭവ
3. 24/08/2017-ലെ സ.ഉ(സാധാ)നം. 2918/2017/തസ്വഭവ
4. 16/11/2021-ലെ സ.ഉ(സാധാ)നം. 2277/2021/തസ്വഭവ
5. 8/11/2022-ലെ സ.ഉ(സാധാ)നം. 2738/2022/തസ്വഭവ.
6. ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 29/05/2024-ലെ ബി.ഡി.എസ്/0438/05/2024 നമ്പർ അപേക്ഷ.

**ഉത്തരവ്**

വയനാട് ജില്ലയിലെ കാർഷിക മേഖലയുടെ തകർച്ചയെ തുടർന്ന് കർഷകർക്ക് തൊഴിലും സ്ഥിരവരുമാനവും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ പരാമർശം (1) ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ട ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്ന ഏജൻസിയ്ക്ക് കൃഷി, ക്ഷീര മേഖല, മൃഗസംരക്ഷണ മേഖല, വ്യവസായം, മാർക്കറ്റിംഗ്, പരിശീലനം (പശു വളർത്തൽ, പാലുൽപ്പന്ന നിർമ്മാണം, പച്ചക്കറി കൃഷി, വളം നിർമ്മാണം), സേവനം എന്നീ മേഖലകളിൽ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികൾ ഏറ്റെടുക്കാൻ അക്രഡിറ്റേഷൻ നൽകി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ഇപ്രകാരം അനുവദിച്ച അക്രഡിറ്റേഷൻ പരാമർശം (4) ഉത്തരവ് പ്രകാരം മൂന്ന് വർഷത്തേക്ക് പുതുക്കി നല്കിക്കൊണ്ടും, പുതിയ ചില മേഖലകളിൽക്കൂടി പുതുതായി അക്രഡിറ്റേഷൻ അനുവദിച്ചുകൊണ്ടും ഉത്തരവായിരുന്നു. പരാമർശം (5) ഉത്തരവ് പ്രകാരം പുതുതായി വിത്ത് വിതരണ മേഖലയിലും ഏജൻസിക്ക് അക്രഡിറ്റേഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മാർഗ്ഗരേഖ പ്രകാരമുള്ള കാലാവധി അവസാനിച്ച സാഹചര്യത്തിൽ, പ്രസ്തുത മേഖലകളിൽ നിലവിലുള്ള അക്രഡിറ്റേഷൻ പുതുക്കി നൽകുന്നതിന് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (6) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, വയനാട് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്ക് പരാമർശം (4) (5) പ്രകാരം അക്രഡിറ്റേഷൻ അനുവദിച്ചിട്ടുള്ള മേഖലകളിൽ തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള

അക്രഡിറ്റേഷൻ 1 വർഷത്തേയ്ക്ക് കൂടി (ഒരു വർഷം മാത്രം) പുതുക്കി നൽകി ഉത്തരവാകുന്നു.

4. ശേഷിക്കപ്പുറമുള്ള എണ്ണം പ്രവർത്തികൾ ഏറ്റെടുക്കുന്നതിലൂടെ വിഭവശേഷി മതിയാകാതെ വരുന്നത് മൂലം നിർവഹണത്തിൽ കാലതാമസമുണ്ടാകാൻ ഇടയുണ്ട് എന്നതിനാൽ ശേഷിക്കനുസൃതമായി മാത്രമേ പ്രവർത്തികൾ ഏറ്റെടുക്കാവൂ എന്ന് വ്യവസ്ഥ ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, കൊളഗപ്പാറ പി.ഒ, മീനങ്ങാടി, വയനാട്.
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
3. ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.
4. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്.
5. ഡയറക്ടർ, ക്ഷീരവികസന വകുപ്പ്.
6. ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമവകുപ്പ്.
7. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
8. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്) തിരുവനന്തപുരം.
8. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ.
9. കൃഷി വകുപ്പ്.
10. മൃഗസംരക്ഷണ വകുപ്പ്.
11. വ്യവസായ വകുപ്പ്.
12. തൊഴിലും നൈപുണ്യവും വകുപ്പ്.
13. ക്ഷീരവികസന വകുപ്പ്.
14. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
15. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Viraj K
Date: 25-04-2025 13:46:59

സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എക്ക്.